# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 720 — 02.12.2015 -ൽ മറുപടിക്ക്

**നാഷണൽ റൂറൽ ഹെൽത്ത് മിഷൻ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ. ചന്ദ്രശേഖരൻ : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) കാഞ്ഞങ്ങാട് ആസ്ഥാനമായുള്ള നാഷണൽ റൂറൽ ഹെൽത്ത് മിഷൻ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം നടക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ നിലവിൽ ഏതു കെട്ടിടത്തിലാണ് ഇതിന്റെ പ്രവർത്തനം നടക്കുന്നതെന്ന് അറിയിക്കുമോ ; | (എ) കാഞ്ഞങ്ങാട്, ആരോഗ്യവകുപ്പിന്റെ കീഴിൽ ആണ് ട്രെയിനിംഗ് സെന്റർ പ്രവർത്തിക്കുന്നത്. നിലവിൽ ട്രെയിനിംഗ് നടത്തുന്നത് ജില്ലാ മെഡിക്കൽ ഓഫീസറുടെ കോൺഫറൻസ് ഹാളിലും ജില്ലാ ആശുപത്രിയിലെ പാലിയേറ്റീവ് ട്രെയിനിംഗ് സെന്ററിലുമാണ്. |
| (ബി) ഇതിനായുള്ള കെട്ടിടത്തിന്റെ പണി പൂർത്തീകരിച്ചിട്ടുണ്ടോ ; | (ബി) നാഷണൽ ഹെൽത്ത് മിഷൻ മുഖേന പുതിയ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് നിർമ്മിച്ച് ജില്ലാ മെഡിക്കൽ ഓഫീസർക്ക് കൈമാറിയിട്ടുണ്ട്. |
| (സി) കെട്ടിടം തുറന്ന് പ്രവർത്തിക്കുന്നതിനുള്ള സാങ്കേതിക തടസ്സങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ ; | (സി) പുതിയ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ കെട്ടിടത്തിൽ വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ നടന്നു കൊണ്ടിരിക്കുന്നു. ഫർണിച്ചറുകളും ഉപകരണങ്ങളും സൈറ്റിൽ ലഭ്യമായിട്ടില്ല. |
| (ഡി) കെട്ടിടം എന്നുമുതൽ തുറന്ന് പ്രവർത്തിക്കുമെന്ന് അറിയിക്കുമോ ? | (ഡി) ഫർണിച്ചർ ലഭ്യമായ ഉടൻ തന്നെ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തനം തുടങ്ങുന്നതാണ്. |

സെക്ഷൻ ഓഫീസർ